## വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല

## കോഓർഡിനേഷൻ സമിതി

**30.10.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് ബഹു. ഗ്രാമവികസന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെക്രട്ടേറിയറ്റിലെ മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു. ബഹു. നഗരകാര്യ വകുപ്പുമന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 23.10.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

**2.1** തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2013-14 വാർഷിക പദ്ധതിയുടെ നിർവഹണ ചെലവ് 410 കോടി രൂപയാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി. സേവന മേഖലയിൽ 245 കോടി രൂപയും, പശ്ചാത്തല മേഖലയിൽ 151 കോടി രൂപയും, ഉത്പാദന മേഖലയിൽ 14 കോടി രൂപയുമാണ് ചെലവ് ഉണ്ടായിട്ടുള്ളത്.

**2.2** തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിഷ്ക്കരിച്ച (2014-15 വർഷത്തേയ്ക്കുള്ള) ആസൂത്രണ മാർഗരേഖ അംഗീകരിച്ചു.

**2.3** തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച (2014-15 വർഷത്തേക്കുള്ള) പുതുക്കിയ മാർഗരേഖ അംഗീകരിച്ചു.

**2.4** പതിമൂന്നാം കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം വകയിരുത്തി തയ്യാറാക്കി അംഗീകാരം നേടിയ പ്രോജക്ടുകളുടെ നിർവഹണത്തിന്, ധനകാര്യ കമ്മീഷൻ വിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ, തടസ്സമുണ്ടുന്നതായി നിരീക്ഷിച്ചു. അത്തരം പ്രോജക്ടുകൾ ഭേദഗതി വരുത്താൻ അനുമതി നൽകി തീരുമാനിച്ചു. ധനകാര്യ കമ്മീഷൻ വിഹിതത്തിനു പകരം വികസനഫണ്ട് ഉപയോഗിക്കാനുള്ള ഭേദഗതിയിലൂടെ ധനകാര്യ സ്രോതസ്സിനു മാത്രമാണ് മാറ്റം വരുന്നത്.

**2.5** തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളിലും 12 വർഷത്തേയ്ക്ക് വീടുകൾ കൈമാറ്റം ചെയ്യുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുകയില്ല എന്ന കരാർ രജിസ്റ്റർ ചെയ്യുന്നതിന് ഗുണഭോക്താക്കൾക്ക് അമിത സാമ്പത്തികഭാരം ഉണ്ടാകുമെന്ന് ബോദ്ധ്യപ്പെട്ട തിനാൽ ഇ.എം.എസ്. ഭവന പദ്ധതിയിൽ അവലംബിച്ചതുപോലെ രജിസ്ട്രേഷൻ ഫീസിലും സ്റ്റാമ്പ് ഡ്യൂട്ടിയിലും ഇളവ് അനുവദിക്കേണ്ടതാണെന്ന് തീരുമാനിച്ചു. ഇതു സംബന്ധിച്ച് കാബിനറ്റ് നോട്ട് തയ്യാറാക്കി സമർപ്പിക്കാൻ നിർദ്ദേശിച്ചു.

**2.6** എം.എൻ. ലക്ഷം വീട് പദ്ധതിയിൽ ഡ്യൂപ്ലക്സ് വീടുകൾക്ക് പകരം പുതിയ വീടുകൾ നിർമ്മിക്കുന്നതിന് സിംഗിൾ യൂണിറ്റിന് രണ്ടുലക്ഷം രൂപവരെ ധനസഹായം നൽകാൻ ഗ്രാമപഞ്ചായത്തുകളെ അനുവദിച്ചു തീരുമാനിച്ചു.

**2.7** ധാരാളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജി.ഐ.എസ് മാപ്പ് തയ്യാറാക്കുന്നതിന് പ്രോജക്ട് വയ്ക്കുകയും തുക ചെലവാക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടു. സർക്കാരിലെ മറ്റ് വകുപ്പുകളും ഇതേ രീതിയിൽ ജി.ഐ.എസ് മാപ്പുകൾ തയ്യാറാക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പഞ്ചായത്ത്രാജ് മന്ത്രാലയം രാജ്യത്തെ പഞ്ചായത്തുകളുടെ ജി.ഐ.എസ്. മാപ്പ് തയ്യാറാക്കുന്നതിന് ഒരു ബൃഹത് പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇപ്രകാരം വിവിധ വകുപ്പുകളും മന്ത്രാലയങ്ങളും ഏറ്റെടുത്തിട്ടുള്ള പ്രവൃത്തിക്ക് പഞ്ചായത്തുകൾ ഫണ്ട് ചെലവാക്കുന്നത് പാഴ്ച്ചെലവാണ്. അതിനാൽ

കേന്ദ്ര സർക്കാരിന്റെ പ്രോജക്ട് പൂർത്തിയാക്കുന്നതുവരെയോ, കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ ചേർന്ന് ഒരു സംയോജിത നയതീരുമാനം എടുക്കുന്നതു വരെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജി.ഐ.എസ് മാപ്പിനു വേണ്ടി പ്രോജക്ട് തയ്യാറാക്കുകയോ തുക ചെലവഴിക്കുകയോ ചെയ്യരുതെന്ന് നിർദ്ദേശിച്ചു.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 പാലക്കാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം 35490/ഡി.ബി.3/2013/തസ്വഭവ തീയതി 30.10.2013**

പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന് ഔദ്യോഗികാവശ്യത്തിനായി വാഹനം വാങ്ങിയപ്പോൾ അധികമായി ചെലവുവന്ന 55695/-രൂപയ്ക്ക് സാധൂകരണം നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഫിഷറീസ് ഡയറക്ടറുടെ കത്ത് (ഫയൽ നം 63681/ഡി.എ1/2013/തസ്വഭവ തീയതി.30.10.2013**

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ മത്സ്യമേഖലയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് സബ്സിഡി മാർഗരേഖയിൽ മാറ്റങ്ങൾ നിർദ്ദേശിച്ചിട്ടുള്ളത് പുതുക്കിയ മാർഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം 53337/ഡി.ബി.3/2012/തസ്വഭവ തീയതി. 23.10 .2013**

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ ഔദ്യോഗികാവശ്യത്തിനായി പുതിയ വാഹനം വാങ്ങിയതിന് ചെലവായ 44110/- രൂപയ്ക്ക് സാധൂകരണം നൽകി തീരുമാനിച്ചു. വാഹനം ലേലം ചെയ്യുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ നിലവിലുള്ള ഉത്തരവ് ബാധകമാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് (ഫയൽ നം 52962/ഇ.എം.2/2013/തസ്വഭവ തീയതി.30.10.2013**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ചികിത്സാ സംബന്ധമായി ഗ്രൂപ്പ് ഇൻഷ്വറൻസ് നടപ്പാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പഠനം നടത്തി റിപ്പോർട്ട് നൽകണമെന്ന് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് ഫയൽ നം 63976/ഡി.എ2/2013/തസ്വഭവ തീയതി.30.10.2013**

2013-14 വാർഷിക പദ്ധതിയിൽ ആധുനിക ജൈവപച്ചക്കറിക്കൃഷി എന്ന പ്രോജക്ട് നടപ്പാക്കുന്നത് സംബന്ധിച്ച് ജില്ലാതല അപ്പലേറ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പട്ടണക്കാട് ഗ്രാമപഞ്ചായത്ത്   ഫയൽ നം 66408/ഡി.എ2/2013/തസ്വഭവ**
**തീയതി.30.10.2013**

ഗ്രാമപഞ്ചായത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന കുടിവെള്ള പൈപ്പ്ലൈൻ എക്സ്റ്റൻഷൻ സംബന്ധിച്ചു പ്രോജക്ട് ഭേദഗതി ചെയ്യുന്നതിന് നിലവിലെ നിർദ്ദേശങ്ങളും സംവിധാനങ്ങളും പാലിക്കണമെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 കേരള ബുക്ക് മാർക്ക് സൊസൈറ്റിയുടെ അപേക്ഷ**
**(തീയതി.30.10.2013)**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ലൈബ്രറികൾക്ക് പുസ്തകം വിതരണം ചെയ്യുന്നതിന് കഴിഞ്ഞ വർഷത്തേപ്പോലെ ബുക്ക്മാർക്കിനെ ചുമതലപ്പെടുത്തണ മെന്നയാവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 പുലാമന്തോൾ ഗ്രാമപഞ്ചായത്ത് തീയതി.30.10.2013**

കർഷക തൊഴിലാളി പെൻഷനും വിധവാപെൻഷനും വാങ്ങുന്ന 65 വയസ്സ് കഴിഞ്ഞവരെ വാർദ്ധക്യകാല പെൻഷന്റെ ഗുണഭോക്താക്കളായി മാറ്റുന്നതിന് അനുവാദം നൽകണമെന്ന ആവശ്യം സംബന്ധിച്ച് വിശദമാ. പഠനം നടത്തുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിനെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കടലുണ്ടി ഗ്രാമപഞ്ചായത്ത്   തീയതി.30.10.2013**

കടലുണ്ടി ഗ്രാമപഞ്ചായത്തിലെ 2013-14-ലെ വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ സീക്കോ ടൈൽസ് - ശ്മശാനം റോഡ് പ്രവൃത്തി എസ്.സി. കോളനിക്ക് പുറത്തായതിനാൽ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഗ്രാമ ബ്ലോക്ക് -ജില്ലാ പഞ്ചായത്ത് അസോസിയേഷനുകളുടെ സംയുക്ത അഭ്യർത്ഥന തീയതി.30.10.2013**

ബഹുവർഷ പ്രോജക്ടുകൾ തയ്യാറാക്കി എൻട്രി വരുത്തുന്നതിന് ഇപ്പോൾ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്   തീയതി.30.10.2013**

2013-14 സാമ്പത്തിക വർഷത്തെ പ്രോജക്ടുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഒരിക്കൽ അവസരം നൽകിയതിനാൽ ഇനിയും പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത്   തീയതി.30.10.2013**

ഗ്രാമപഞ്ചായത്തിന്റെ ആവശ്യം സംബന്ധിച്ച് പൊതു വിഷയങ്ങൾ ഇനം 2.4 തീരുമാനം ബാധകമാണെന്ന് നിരീക്ഷിച്ചു.

നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 ഗ്രാമവികസന കമ്മീഷണറുടെ കത്ത് (ഫയൽനം. 66447/ഡി.എ2/2013/തസ്വഭവ തീയതി.30.10.2013**

പൊതുവിഷയങ്ങൾ ഇനം 2.5 ബാധകമാണെന്ന് വിലയിരുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് തീയതി.30.10.2013**

പൊതുവിഷയങ്ങൾ ഇനം 2.6 ബാധകമാണെന്ന് വിലയിരുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 വേങ്ങര ബ്ലോക്ക് പഞ്ചായത്ത് തീയതി.30.10.2013**

വേങ്ങര ബ്ലോക്ക് പഞ്ചായത്തിലെ 2013-14 വർഷത്തെ നോൺ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് വേങ്ങര സി.എച്ച്.സി.യിൽ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് അനുവാദം നൽകണമെന്ന ആവശ്യം പരിഗണിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ളാലം ബ്ലോക്ക് പഞ്ചായത്ത് ഫയൽ നം. 63575/ഡി.ഡി.2/13/തസ്വഭവ തീയതി.30.10.2013**

ളാലം ബ്ലോക്ക് പഞ്ചായത്ത് 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കടനാട് ഗ്രാമപഞ്ചായത്തിലെ ഏഴു റോഡുകൾക്കു കൂടി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കിയിരുന്നത് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അംഗീകരിച്ചു.

1 കടനാട് ഗ്രാമപഞ്ചായത്ത് ഓരോ റോഡിനും പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അവയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പാക്കണം.

2. കടനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ മാത്രമേ തുക കൈമാറാൻ പാടുള്ളൂ.

3. കടനാട് ഗ്രാമപഞ്ചായത്ത് ബ്ലോക്കിൽ നിന്നും ലഭിക്കുന്ന തുക ട്രഷറിയിൽ ബന്ധപ്പെട്ട അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. വി.പി.എ ഒന്നിലോ ബാങ്ക് അക്കൗണ്ടുകളിലോ തുക നിക്ഷേപിക്കാൻ പാടില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

***കോഓർഡിനേഷൻ കമ്മിറ്റിയുടെ അടുത്തയോഗം 06.11.2013ന് രാവിലെ 8 മണിക്ക് ബഹു.മുഖ്യമന്ത്രിയുടെ കോൺഫറൻസ്ഹാളിൽ ചേരുന്നതാണ്.***

**(യോഗം 9.45 ന് അവസാനിച്ചു)**